**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2086 | 06.10.2016-ൽ മറുപടിയ്ക്ക് |

## ശബരിമല അനുബന്ധ റോഡുകളുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി. ജോർജ് | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

(എ) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ഏറ്റവും അധികം അയ്യപ്പഭക്തന്മാർ യാത്ര ചെയ്യുന്ന ആറ് അനുബന്ധ റോഡുകൾ അടിയന്തരമായി നവീകരണം നടത്താൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് Letter No. MLA/PNJR/GP/20/2016-17 dt 31.07.16/Tvm പ്രകാരം വകുപ്പ് മന്ത്രിക്ക് നൽകിയ കത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഈ റോഡുകളുടെ പ്രാധാന്യം കണക്കാക്കി അടിയന്തര നടപടികൾ സ്വീകരിച്ച് റോഡ് നവീകരണം എത്രയും പെട്ടെന്ന് പൂർത്തിയാക്കുമോ?

(എ) & (ബി) 2016-17-ലെ ശബരിമല മണ്ഡല-മകര വിളക്ക് തീർത്ഥാടനവുമായി ബന്ധപ്പെട്ട് 28.07.2016-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 56/2016/പൊ.മ.വ. പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ ദേശീയപാത, നിരത്തുകളും പാലങ്ങളും വിഭാഗം, KSTP എന്നിവയിൽ ഉൾപ്പെട്ടു വരുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 8943.54 ലക്ഷം രൂപയുള്ള ഭരണാനുമതിയും, പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. അനുബന്ധ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും റോഡ് സുരക്ഷാ പണികൾക്കുമായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം പരിഗണിക്കാൻ കഴിഞ്ഞില്ല. എങ്കിലും കോട്ടയം ഡിവിഷന് കീഴിൽ വരുന്ന പൂഞ്ഞാർ മണ്ഡലത്തിൽ SLTF RP 2015-16 പദ്ധതി പ്രകാരം 11 വർക്കുകൾക്കായി 61 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പണികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

150 കോടി രൂപയുള്ള പ്രൊപ്പോസൽ കാബിനറ്റിൽ വന്നു. എന്നാൽ ധനവകുപ്പിന്റെ അനുമതി ഇതുവരെയും ലഭിച്ചിട്ടില്ല. ലഭിച്ചാൽ നടപടി സ്വീകരിക്കും.

സെക്ഷൻ ഓഫീസർ